ICPS4(B)/28833/16

ഐ.സി.പി.എസ്
സാമൂഹ്യ നീതി വകുപ്പ്
പൂജപ്പുര
തിരുവനന്തപുരം
തീയതി: 09/11/2016

## സർക്കുലർ

വിഷയം:- സാമൂഹ്യ നീതി വകുപ്പ് -ICPS- ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന്റെ പ്രവർത്തനത്തിന് ആവശ്യമായ ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച്

സൂചന:- 1.സർക്കാർ ഉത്തരവ് നമ്പർ GO(P) No.34/2016/Fin തീയതി:04/03/2016
2.20/10/2016-ലെ ഐ.സി.പി.എസ് എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനം നം.1

കേന്ദ്ര വനിത ശിശു വികസന മന്ത്രാലയവും സാമൂഹ്യ നീതി വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ജില്ലാ ഘടകമാണ് ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ. മുൻ കാലങ്ങളിൽ സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയിൽ നിന്നും ചെക്ക് മുഖേന ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളുടെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് അനുവദിച്ചിരുന്നു. എന്നാൽ മേൽ സൂചന (1) പ്രകാരം സർക്കാർ BAMS (Budget Allocation & Monitoring System) നടപ്പിലാക്കുകയുണ്ടായി. ആയതിനാൽ സാമൂഹ്യ നീതി വകുപ്പിൽ ജില്ലാ സാമൂഹ്യ നീതി ഓഫീസറെ സബോർഡിനേറ്റ് കൺട്രോളിംഗ് ഓഫീസറായി നിയമിക്കുകയും ചെയ്തു.

പ്രസ്തുത സാഹചര്യത്തിൽ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളുടെ പ്രവർത്തനത്തിന് ആവശ്യമായ തുക ഐ.സി.പി.എസ് ഹെഡ് ഓഫ് അക്കൗണ്ട് ആയ 2235-02-102-61(P)-യിൽ നിന്നും ബന്ധപ്പെട്ട ജില്ലാ സാമൂഹ്യ നീതി ഓഫീസറുടെ പേരിൽ അലോട്ട്മെന്റ് നൽകുകയും. ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർ തുക മാറി ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. എന്നാൽ വിവിധ ട്രഷറി സംബന്ധിച്ച സാങ്കേതിക കാരണങ്ങളാൽ പ്രസ്തുത തുക ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾക്ക് ലഭിക്കാതെ വരികയും പദ്ധതി നടത്തിപ്പിന് തടസ്സങ്ങൾ നേരിടുകയും ചെയ്തു.

20/10/2016-ന് കൂടിയ ഐ.സി.പി.എസ്-ന്റെ എക്സിക്യൂട്ടീവ് കമ്മറ്റിയിൽ ഈ വിഷയം ചർച്ച ചെയ്യുകയും, ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരെ ജില്ലാ ഡിസ്ബേഴ്സിങ്ങ് ഓഫീസർമാരാക്കാനുള്ള പ്രൊപ്പോസൽ സർക്കാരിന് സമർപ്പിക്കുവാനും ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്ക് ഫണ്ട് കൈമാറ്റം സംബന്ധിച്ച് വ്യക്തമായ നിർദേശങ്ങൾ നൽകുവാനും യോഗം തീരുമാനിച്ചു.

(PTO)

ഇതിന്റെ അടിസ്ഥാനത്തിൽ താഴെപറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളുടെ പ്രവർത്തനത്തിനായി ഐ.സി.പി.എസ്-ൽ നിന്നും സാമൂഹ്യ നീതി ഡയറക്ടറുടെ ഉത്തരവ് പ്രകാരം ജില്ലാ സാമൂഹ്യ നീതി ഓഫീസർമാരുടെ പേരിൽ അനുവദിച്ചിട്ടുള്ള എല്ലാ തുകകളും പാസ്സാക്കി ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്ക് ക്യാഷ്/ചെക്കായി നൽകേണ്ട ചുമതല ബന്ധപ്പെട്ട ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കായിരിക്കും.
2. എസ്.സി.പി.എസ്-ൽ നിന്നും തുക അനുവദിച്ച്കൊണ്ടുള്ള ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്ക് ആവശ്യക്കതക്കനുസരിച്ച് തുക ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ നൽകേണ്ടതാണ്.
3. ഒറിജിനൽ വൗച്ചർ സഹിതം ട്രഷറിയിൽ കണ്ടിൻജന്റ് ബില്ലുകൾ സമർപ്പിക്കേണ്ട അടിയന്തിര സാഹചര്യത്തിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ ബാങ്ക് അക്കൗണ്ടിൽ നീക്കിയിരുപ്പുള്ള തുകയിൽ നിന്നും തുക പിൻവലിച്ച് പ്രസ്തുത ആവശ്യങ്ങൾക്ക് വിനിയോഗിക്കാവുന്നതും, ട്രഷറിയിൽ നിന്നും തുക ലഭ്യമാകുന്ന മുറയ്ക്ക് ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ TSB അക്കൗണ്ടിൽ ഡെപ്പോസിറ്റ് ചെയ്ത് ജില്ലാ ശിശു സംരക്ഷണ ഓഫീസർ തുക ക്രമീകരിക്കേണ്ടതുമാണ്.
4. അഡ്വാൻസ് ഇനത്തിൽ തുക പിൻവലിക്കുന്ന സാഹചര്യത്തിൽ 3 മാസത്തിനുള്ളിൽ തുക വിനിയോഗിച്ച് ഒറിജിനൽ ബില്ലുകൾ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്ക് സമർപ്പിച്ച് ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ തുക ക്രമീകരിക്കേണ്ടതുമാണ്.
5. ഐ.സി.പി.എസ്-ൽ നിന്നും ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ലഭ്യമാകുന്ന തുകകൾ യഥാസമയം പൂർണ്ണമായും വിനിയോഗിക്കേണ്ടത് ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരുടെ ഉത്തരവാദിത്വമാകുന്നു.

സാമൂഹ്യ നീതി ഡയറക്ടർക്ക് വേണ്ടി

എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും
എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും

പകർപ്പ്:

1.ICPS 4
2.സ്റ്റോക്ക് ഫയൽ